# പതിമൂന്നാം കേരള നിയമസഭ

**പതിനൊന്നാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 508**
**10.06.2014 ലെ മറുപടിക്ക്**

<u>എം.എൽ.എ.ഫണ്ട് നിർവ്വഹണവും പട്ടയഭൂമിയും</u>

**ചോദ്യം**
**ശ്രീ.എസ്.രാജേന്ദ്രൻ എം.എൽ.എ**

**ഉത്തരം**
**ശ്രീ.കെ.എം.മാണി**
(ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | എം.എൽ.എ.ഫണ്ട് നിർവ്വഹണത്തിൽ പട്ടയഭൂമിയും എൻ.ഒ.സിയും ഉണ്ടെങ്കിൽ മാത്രമേ പ്രവൃത്തി ചെയ്യാൻ സാധിക്കുകയുള്ളു വെന്ന് നിർബന്ധമുണ്ടോ ; | ബഹു.എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ട് മുഖേന സൃഷ്ടിക്കുന്ന ആസ്തികൾ സർക്കാരിൽ നിക്ഷിപ്തവും പൊതുജനങ്ങൾക്ക് ഏത് സമയത്തും പ്രയോജനപ്രദവുമായിരിക്കണമെന്നും 27.05.2004 ലെ സർക്കാർ ഉത്തരവ് നം.247/2004/ഫിൻ features of scheme 2(6) ൽ നിഷ്കർഷിച്ചിരിക്കുന്നു. ഈ സാഹചര്യത്തിലാണ് പദ്ധതി നിർവ്വഹണത്തിൽ സ്വകാര്യവ്യക്തിയുടെ ഭൂമിക്ക് സറണ്ടർ സർട്ടിഫിക്കറ്റും തദ്ദേശസ്വയം ഭരണ/റവന്യൂ/ വനം വക ഭൂമിയാണെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ. ഒ.സി.യും. നിഷ്കർഷിക്കുന്നത്. |
| (ബി) | ദേവികുളം മണ്ഡലത്തിൽ ദേവികുളം, മൂന്നാർ പഞ്ചായത്തുകളിൽ കടുകുമുടി, കാപ്പി സ്റ്റോർ എന്നീ സ്ഥലങ്ങളിലെ പ്രവൃത്തികൾക്ക് പഞ്ചായത്തിന്റെ ആധികാരികരേഖ ലഭ്യമാക്കിയിട്ടും കളക്ടർ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ; | മൂന്നാർ ഗ്രാമപഞ്ചായത്തിലെ കടുകമുടി ഡിവിഷനിൽ ഫുട്പാത്ത്, വെയിറ്റിംഗ് ഷെഡ് ഇവ നിർമ്മിക്കുന്നതിന് ബഹു.എം.എൽ.എ. യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിക്ക് 28.05.2014 ൽ ഭരണാനുമതി നൽകിയിട്ടുള്ളതായും തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടത്തിന്റെ ഫലമായുള്ള കാലതാമസം മാത്രമേ ഭരണാനുമതി നൽകുന്നതിന് ഈ പ്രവൃത്തിയുടെ കാര്യത്തിൽ വന്നിട്ടുള്ളൂ എന്നും കൂടാതെ മൂന്നാർ പഞ്ചായത്തിലെ കാപ്പിസ്റ്റോർ രണ്ടാം |

| | | |
|---|---|---|
| | | വാർഡിൽ പബ്ലിക് സ്റ്റേജ് നിർമ്മാണത്തിന് ബഹു.എം.എൽ.എ, എം.എൽ.എ-എസ്.ഡി.എഫ്-ൽ നിന്നും തുക അനുവദിക്കുകയും എസ്റ്റിമേറ്റിനും അനുബന്ധ രേഖകൾക്കുമായി ടി പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി, മൂന്നാർ ഗ്രാമപഞ്ചായത്തിന് 14.02.2013 ൽ കത്ത് നൽകിയിരുന്നതുമാണ്. എന്നാൽ പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ എസ്റ്റിമേറ്റ് അപൂർണ്ണവും നിർമ്മാണ പ്രവൃത്തിക്കായുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശത്തെക്കുറിച്ച് പരാമർശിച്ചിട്ടില്ലാത്തതുമാണ്. ഈ കാര്യങ്ങൾ അറിയിച്ചുകൊണ്ട് 22.10.2013 ൽ വീണ്ടും പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിരുന്നെങ്കിലും നാളിതുവരെ മറുപടി ലഭ്യമായിട്ടില്ലാത്തതുമാണ് എന്ന വിവരം ഇടുക്കി ജില്ലാകളക്ടർ അറിയിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ എല്ലാ എം. എൽ. എ - എസ്. ഡി. എഫ് പ്രവൃത്തികൾക്കും ഏതെങ്കിലും രേഖയുടെ അടിസ്ഥാനത്തിലാണോ ഭരണാനുമതി നൽകുന്നത് എന്ന് വ്യക്തമാക്കുമോ; | ബഹു.എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് മാർഗ്ഗരേഖയായി ഇറങ്ങിയ നം.247/2004/ഫിൻ തീയതി 27.05.2004 ലെ സർക്കാർ ഉത്തരവ് പ്രകാരവും തുടർന്നുള്ള ഭേദഗതികൾക്കനുസരിച്ചുമാണ് ഭരണാനുമതി നൽകുന്നത്. കൂടാതെ;<br>നിർമ്മാണപ്രവർത്തനങ്ങൾക്ക് എ.എസ്/റ്റി.എസ് ഇവ ലഭ്യമാക്കുന്നതിന് പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് ആവശ്യമാണ്<br>എം.എൽ.എ-എസ്.ഡി.എഫ് പ്രകാരമുള്ള പ്രവൃത്തികളുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാണെന്ന് 27.05.2004 ലെ നം.247/2004/ഫിൻ "features of scheme 2(6)" ഉത്തരവിൽ സൂചിപ്പിച്ചിട്ടുണ്ട്. ആയതിനാൽ പ്രവൃത്തി നടപ്പിലാക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖ ലഭ്യമാക്കേണ്ടതുണ്ട്. |
| (ഡി) | മേൽ സൂചിപ്പിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാത്തത് പരിശോധിക്കുമോ? | മൂന്നാർ ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡ് കാപ്പിസ്റ്റോർ പബ്ലിക് സ്റ്റേജ് നിർമ്മാണം എന്ന പ്രവൃത്തിക്ക് കൃത്യമായ എസ്റ്റിമേറ്റിനും |

| | | |
|---|---|---|
| | | അനുബന്ധരേഖകൾക്കുമായി പഞ്ചായത്ത് സെക്രട്ടറിക്ക് 14.02.2013, 22.10.2013 എന്നീ തീയതികളിൽ കത്ത് നൽകിയിരുന്നതും നാളിതുവരെ ഇവ ലഭ്യമാകാത്തതുമാണ്. ടി രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് താമസംവിനാ മേൽപ്പറഞ്ഞ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**